## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2980 | | 13.03.2018-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| പ്രതിദിനം ഉണ്ടാകുന്ന മാലിന്യങ്ങൾ | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.മഞ്ഞളാംകുഴി അലി | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്തെ ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, മത്സ്യ, മാംസ, പച്ചക്കറി, പഴവർഗ്ഗ വിപണന സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പ്രതിദിനം ഉണ്ടാകുന്ന മാലിന്യങ്ങൾ ബാഹ്യ ഏജൻസികൾക്ക് കരാർ നൽകി നീക്കം ചെയ്യുന്നത് എവിടെയാണ് നിക്ഷേപിക്കുന്നതെന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏതെങ്കിലും തരത്തിലുള്ള പരിശോധനകൾ നടത്താറുണ്ടോ; | (എ) | ഡി & ഒ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, മത്സ്യ മാംസ, പച്ചക്കറി, പഴവർഗ്ഗ വിപണന സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പ്രതിദിനം ഉണ്ടാകുന്ന മാലിന്യങ്ങൾ ജൈവ-അജൈവ മാലിന്യങ്ങളായി തരംതിരിച്ച് സംസ്കരിക്കുവാനുള്ള നിർദ്ദേശങ്ങൾ 22.07.2017-ലെ സ.ഉ.(സാധാ)നം.2511/2017/തസ്വഭവ നമ്പർ സർക്കാർ ഉത്തരവിലൂടെ നൽകിയിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങൾ ജൈവമാലിന്യങ്ങൾ തരംതിരിച്ച് ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് അനുയോജ്യമായ ജൈവവമാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കണമെന്ന് പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്താത്ത ചില സ്ഥാപനങ്ങൾ മാലിന്യ നീക്കത്തിന് സ്വകാര്യ ഏജൻസികളെ ആശ്രയിക്കുന്നുണ്ട്. ഇവർ മാലിന്യം എവിടെ നിക്ഷേപിക്കുന്നു എന്നത് സംബന്ധിച്ച പരിശോധന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഹെൽത്ത് ഇൻസ്പെക്ടർമാർ മുഖേന നടത്താറുണ്ട്. |
| (ബി) | ഇത്തരം മാലിന്യങ്ങൾ ജലാശയങ്ങളിലും മറ്റ് പൊതു ഇടങ്ങളിലും നിക്ഷേപിക്കുന്നത് ഒഴിവാക്കുന്നതിന് ആവശ്യമായ മുൻകരുതലുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കാറുണ്ടോ; എങ്കിൽ ഇത് നിരീക്ഷിക്കുന്നതിന് നിലവിലുള്ള സംവിധാനമെന്താണെന്ന് അറിയിക്കുമോ? | (ബി) | ജലാശയങ്ങളിൽ ഖര-ദ്രവ മാലിന്യങ്ങൾ നിക്ഷേപിക്കുന്നവർക്കെതിരെ ശിക്ഷാ നടപടികൾ എടുക്കുവാൻ കേരള ഇറിഗേഷൻ & വാട്ടർ കൺസർവേഷൻ വകുപ്പ് ഭേദഗതി ഓർഡിനൻസ് നം.27, 2017 ആയി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മാലിന്യങ്ങൾ ജലാശയങ്ങളിലും പൊതു സ്ഥലങ്ങളിലും നിക്ഷേപിക്കുന്നത് തടയുന്നതിന് ആരോഗ്യ വിഭാഗം സ്ക്വാഡുകൾ നിരീക്ഷണങ്ങൾ നടത്തിവരുന്നുണ്ട്. സന്നദ്ധ സംഘടനകളുടെയും റസിഡൻസ് അസ്സോസിയേഷനുകളുടെയും സേവനവും ഇതിനായി പ്രയോജനപ്പെടുത്തുന്നുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഫീൽഡുതല പ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| | | | നടത്തുന്നതിനായി സജ്ജമാക്കിയ സംഘടനാ സംവിധാനമായ ഹരിതകർമ്മ സേന ശുദ്ധീകരിക്കാത്ത മലിനജലം പൊതു സ്ഥലങ്ങളിലേക്കോ ജലാശയങ്ങളിലേക്കോ ഒഴുക്കുന്നില്ലായെന്നും എവിടെയും തളംകെട്ടി നിൽക്കുന്നില്ലായെന്ന് പരിശോധിച്ച് ഉറപ്പുവരുത്തണമെന്നും ഇതിൽ വീഴ്ച വരുത്തുന്നവർക്ക് പിഴ ചുമത്തുന്നതിനും പ്രവർത്തനാനുമതി നിഷേധിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് റിപ്പോർട്ട് നൽകണമെന്നും 15.07.2017-ലെ സ.ഉ.(സാധാ) നം.2420/2017/തസ്വഭവ നമ്പർ ഉത്തരവു പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ